# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2576 01.04.2013-ൽ മറുപടിക്ക്

## പട്ടികജാതി സങ്കേതങ്ങളിലെ എസ്. സി. പി. ഫണ്ട് വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ** | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം എത്ര പട്ടികജാതി സങ്കേതങ്ങളിൽ വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ എന്നിവയ്ക്കായി എസ്. സി. പി. ഫണ്ട് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ആ പദ്ധതികൾ ഏത് ഘട്ടത്തിലാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള എസ്.സി.പി. ഫണ്ട് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള വൈദ്യുതീകരണ, കുടിവെള്ള പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.<br>1. എറണാകുളം ജില്ലയിലെ കാട്ടുചിറ പട്ടികജാതി കോളനി വൈദ്യുതീകരണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.<br>2. മലപ്പുറം ജില്ലയിലെ ചോലംകുന്ന് പട്ടികജാതി കോളനി, കങ്കാടി പട്ടികജാതി കോളനി, ആലുങ്കപറമ്പ് പട്ടികജാതി കോളനി, ചാവിൻകാട്ട് പട്ടികജാതി കോളനി, മമ്പാട് പഞ്ചായത്തിൽ തെക്കുംപാടം പട്ടികജാതി കോളനി, തിരുവനന്തപുരം ജില്ലയിലെ വിലങ്ങറ പട്ടികജാതി കോളനി, അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ 4 കോളനികൾ, പുളിമാത്ത് പഞ്ചായത്തിലെ കുടിയേല-ഒഴുക്കുപാറ കോളനി കിളിമാനൂർ വിളങ്ങറ കോളനി, എറണാകുളം ജില്ലയിൽ പാമ്പാകുട പഞ്ചായത്തിലെ ചാലുനിലം പാറശ്ശേരികുടി കോളനി, എന്നിവിടങ്ങളിൽ കുടിവെള്ള പദ്ധതികൾക്കായി ഭരണാനുമതിയും ഫണ്ടും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | വകുപ്പിൽ ലഭിക്കുന്ന അപേക്ഷയിന്മേൽ നടപടികൾ പൂർത്തിയാക്കി ഭരണാനുമതി നൽകുന്നതിനും നിർവ്വഹണം പൂർത്തിയാക്കുന്നതിനും കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | എസ്റ്റിമേറ്റ് പൂർണ്ണമല്ലാത്തതിനാൽ പഴയ എസ്.ഒ.ആർ പ്രകാരം ഫീസിബിലിറ്റി തയ്യാറാക്കി നൽകിയ പ്രൊപ്പോസലുകൾ തിരിച്ചയക്കേണ്ടിവന്നതിനാൽ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിർവ്വഹണം പൂർത്തിയാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി പരാതികൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | എങ്കിൽ പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കേണ്ട പ്രൊപ്പോസലുകളോടൊപ്പം അപേക്ഷകളോടൊപ്പം ഹാജരാക്കേണ്ട രേഖകളെല്ലാം ചേർത്ത് വ്യക്തമായ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനായി ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sd/- K.T

**സെക്ഷൻ ആഫീസർ**